ഫിനാൻഷ്യൽ എന്റർപ്രൈസസിൽ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട നടപടി

27 (4066). ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ എത്ര താത്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) എത്ര പേരെ പുതുതായി താൽക്കാലിക ജീവനക്കാരായി നിയമിച്ചിട്ടുണ്ട് ; (30-6-2003 വരെ)

(സി) പിരിച്ചു വിടപ്പെട്ട എത്ര താൽക്കാലിക ജീവനക്കാർ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർന്നു വരുന്നുണ്ട് ;

(ഡി) ഇവരുടെ കാര്യത്തിൽ മാനേജ്മെന്റിന്റെ നിലപാടെന്താണ് ;

(ഇ) 10 വർഷത്തിനിടെ എത്ര താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(എഫ്) താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കെ. എസ്. എഫ്. ഇ. സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. എഫ്. ഇ.-യിൽ താൽക്കാലിക ജീവനക്കാരെ ആരെയും പിരിച്ചു വിട്ടിട്ടില്ല.

(ബി) പുതിയതായി താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടില്ല. എന്നാൽ കരാർ അടിസ്ഥാനത്തിൽ 1294 അസിസ്റ്റന്റുമാരും 450 പേർ പ്യൂൺ/വാച്ച്മാൻ/ ഡ്രൈവർ എന്നീ തസ്തികകളിലും, 20 പേർ സ്വീപ്പർ തസ്തികയിലും ജോലി നോക്കുന്നുണ്ട്.

(സി) താൽക്കാലിക ജീവനക്കാർ ആരും തുടരുന്നില്ല. എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കുന്ന 20 സ്വീപ്പർമാർ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടരുന്നു.

(ഡി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) വികലാംഗ വർഷത്തിൽ വികലാംഗരുടെ കാറ്റഗറിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം ലഭിച്ച 10 ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(എഫ്) കെ. എസ്. എഫ്. ഇ. യിലെ നിയമനങ്ങളെല്ലാം സർക്കാരും, പി. എസ്. സി.യും അംഗീകരിച്ച ജി. ഒ. (എം.എസ്.) 126/74/ഗ്ലി.ഡി. തീയതി 15-10-1774-ാം നമ്പർ ഓർഡർ അനുസരിച്ച് നടത്തുന്നതു കൊണ്ട് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് പ്രത്യേക നടപടികൾ ഒന്നും തന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly